# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ *103 20/03/2012-ലെ മറുപടിക്ക്

വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് നടപടികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ. പി. തിലോത്തമൻ<br>ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീ. ഇ.കെ. വിജയൻ | ശ്രീ. പി.കെ. അബ്ദു റബ്ബ് ( ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി). |
| എ) സംസ്ഥാനത്തെ വിദ്യാഭ്യാസ നിലവാരം തകർന്നതായുള്ള ഹൈക്കോടതി പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിലവാരത്തകർച്ചക്കാധാരമായി കോടതിയുടെ കണ്ടെത്തലുകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ; | എ) ഉണ്ട്; കഴിഞ്ഞ ഒരു പതിറ്റാണ്ടിൽ സംസ്ഥാനത്ത് ആരംഭിച്ച എണ്ണമറ്റ സ്വാശ്രയ കോളേജുകളുടെ പ്രവർത്തനങ്ങളിലുണ്ടായ വിദ്യാഭ്യാസ നിലവാര തകർച്ചയാണ് കാരണമായി കോടതി കണ്ടെത്തിയിട്ടുള്ളത്. |
| ബി) സംസ്ഥാനത്തെ സർവ്വകലാശാലകളിലെ ഉത്തരക്കടലാസുകളുടെ പുനർ മൂല്യനിർണ്ണയം സംബന്ധിച്ച് ഹൈക്കോടതി ഏതെങ്കിലും മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | ബി) ഉണ്ട്; പുനർ മൂല്യനിർണ്ണയം നടത്താനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി 15 ദിവസമായി കുറയ്ക്കുക, വിദ്യാർത്ഥികളുടെ ഓരോ വിഷയത്തിന്റേയും മാർക്ക് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുക, സർവ്വകലാശാലകൾ റീവാല്യുവേഷൻ ജോലികൾക്കായി സെക്ഷനുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും റീവാല്യുവേഷൻ അപേക്ഷകളുടെ എണ്ണത്തിന് ആനുപാതികമായി വേണ്ടത്ര സ്റ്റാഫിനെ നിയമിക്കുക, മൂല്യനിർണ്ണയം നടത്തുന്ന അദ്ധ്യാപകർ മൂല്യനിർണ്ണയം നടത്തിയ ഉത്തരക്കടലാസുകൾ പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തുന്നതിന് മുമ്പ് തന്നെ ഒരു നിശ്ചിത സമയത്തിനുള്ളിൽ യൂണിവേഴ്സിറ്റിയിൽ തിരിച്ചേൽപ്പിക്കുക, ഒരു പരീക്ഷയുടെ എല്ലാ ഉത്തരക്കടസുകളും ഒരുമിച്ച് മൂല്യ നിർണ്ണയം നടത്തുക, ഉത്തരക്കടലാസുകൾ യഥാസമയം തിരിച്ചേൽപ്പിക്കാതിരിക്കുകയും |

നിരുത്തരവാദപരമായി മൂല്യനിർണ്ണയം നടത്തുകയും ചെയ്യുന്ന അദ്ധ്യാപകർക്കെതിരെ കർശന നടപടി സ്വീകരിക്കുക, ഒരു പരീക്ഷയുടെ പുനർമൂല്യനിർണ്ണയ ഫലം ആ പരീക്ഷയുടെ തൊട്ടടുത്ത റഗുലർ/സപ്ലിമെന്ററി പരീക്ഷയുടെ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതിക്കുമുമ്പായി പ്രസിദ്ധപ്പെടുത്തുക തുടങ്ങിയ നിർദ്ദേശങ്ങളാണ് ബഹുമാനപ്പെട്ട ഹൈക്കോടതി നൽകിയിട്ടുള്ളത്.

| | |
|---|---|
| സി) കോടതി പരാമർശത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ? | സി) ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനും നിലവിലുള്ളസ്വാശ്രയ കോളേജുകളിൽ കോഴ്സുകൾ അനുവദിക്കുന്നതിനും മാനദണ്ഡം നിശ്ചയിക്കുന്നതിനായി സർക്കാർ ഒരു വിദഗ്ധ സമിതി രൂപീകരിക്കുകയുണ്ടായി. സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ താഴെപ്പറയുന്ന തീരുമാനങ്ങൾ എടുത്തിട്ടുണ്ട്. |

2013-14 അദ്ധ്യയന വർഷത്തിൽ എല്ലാ വിഷയങ്ങൾക്കും ആദ്യ അവസരത്തിൽ നാലാം സെമസ്റ്റർ വരെ 25%ഉം; ആറ്, എട്ട് സെമസ്റ്ററുകൾക്ക് യഥാക്രമം 30%, 35% എന്നിങ്ങനെ ശരാശരി വിജയശതമാനം നേടുന്ന സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു മാത്രമേ അംഗീകാരം നൽകുകയുള്ളൂ. 2014-15 അദ്ധ്യയന വർഷത്തിൽ ഇത് യഥാക്രമം 30%, 35%, 40% എന്നിങ്ങനെയാണ്. 2012-13 അദ്ധ്യയന വർഷം മുതൽ പുതിയ ബിടെക് കോഴ്സുകൾ ആരംഭിക്കുന്നതിനും നിലവിലുള്ള കോഴ്സുകളിൽ വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും താഴെപ്പറയുന്ന വ്യവസ്ഥ ബാധകമാക്കിയിട്ടുണ്ട്.

ബിടെക് കോഴ്സുകൾ നാല് സെമസ്റ്ററുകൾ പൂർത്തിയാക്കിയ സ്ഥാപനങ്ങൾക്കു മാത്രമേ പുതിയ ബി.ടെക് കോഴ്സിനോ നിലവിലുള്ള കോഴ്സിൽ

വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനോ അപേക്ഷ സമർപ്പിക്കാൻ കഴിയൂ.

മൂന്ന് വർഷം ബി.ടെക് കോഴ്സ് പൂർത്തിയാക്കിയ സ്ഥാപങ്ങൾക്ക മാത്രമേ എം.ടെക് കോഴ്സ് ആരംഭിക്കുവാൻ കഴിയൂ. 2012-13 അദ്ധ്യയനവർഷം മുതൽ നിലവിൽ ബി.ടെക് കോഴ്സ് നടത്തുന്ന സ്വാശ്രയ സ്ഥാപനങ്ങളിൽ കുറഞ്ഞത് ഏഴ് അദ്ധ്യാപകരെങ്കിലും എം.ടെക് ബിരുദമുള്ള (അതാത് ബ്രാഞ്ചിൽ) സ്ഥാപനങ്ങൾക്കുമാത്രമേ പുതിയ എം.ടെക് കോഴ്സ് ആരംഭിക്കുവാൻ അനുവാദം നൽകൂ. പരീക്ഷാഫലം യഥാസമയം പ്രസിദ്ധപ്പെടുത്തുന്നതിനുവേണ്ടി സർക്കാർ സർവ്വകലാശാല അധികൃതരുമായി ചർച്ച നടത്തുകയുണ്ടായി. പരീക്ഷാഫലം യഥാസമയം പ്രസിദ്ധീകരിക്കുന്നതിന് കേന്ദ്രീകൃത മൂല്യനിർണ്ണയം അനിവാര്യമാണെന്ന് ചർച്ചയിൽ തീരുമാനമുണ്ടായി. സർവ്വകലാശാലകളുടെ പരീക്ഷാ വിഭാഗം കമ്പ്യൂട്ടർവൽക്കരിക്കുക, കേന്ദ്രീകൃത മൂല്യനിർണ്ണയം തുടരുന്നതുമൂലമുള്ള അധിക സാമ്പത്തിക ബാദ്ധ്യത ഭാഗീകമായി ഫീസ് വർദ്ധനയിലൂടെ പരിഹരിക്കുക, സ്വാശ്രയ കോളേജുകളിലേയും വിദൂരവിദ്യാഭ്യാസ പദ്ധതിയിലും ഉള്ള പരീക്ഷാ പേപ്പർ മൂല്യനിർണ്ണയത്തിന് വിരമിച്ച അദ്ധ്യാപകർ ഉൾപ്പെടെയുള്ള ഒരു പ്രത്യേക പാനൽ തയ്യാറാക്കുക തുടങ്ങിയ നടപടികളിലൂടെ പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ